പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 857

03/12/2014-ൽ
മറുപടിയ്ക്ക്

**ആറ്റിങ്ങലിലെ ക്ഷേത്ര കലാപീഠം**

**ചോദ്യം**

ശ്രീ. ബി. സത്യൻ

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

എ) ദേവസ്വം ബോർഡിന് കീഴിൽ ആറ്റിങ്ങൽ പാലസിനോട് ചേർന്ന് മികച്ച നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന ക്ഷേത്ര കലാ പീഠത്തിൽ ഈ വർഷം മുതൽ കുട്ടികൾക്ക് അഡ്മിഷൻ നൽകാതിരിക്കുകയും ക്രമേണ ഈ സ്ഥാപനം അടച്ചു പൂട്ടാനുള്ള നീക്കവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് താങ്കൾക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

ബി) ഈ വർഷം 93 അപേക്ഷകൾ ഉണ്ടായിട്ടും കുട്ടികൾക്ക് അഡ്മിഷൻ നൽകാതെ കുട്ടികളെ വൈക്കം കേന്ദ്രത്തിൽ പഠിക്കാൻ നിർദ്ദേശിച്ച ദേവസ്വം ബോർഡിന്റെ തീരുമാനം പുന:പരിശോധിക്കാൻ ആവശ്യപ്പെടുമോ; ദേവസ്വം ബോർഡിനോട് പ്രസ്തുത സ്ഥാപനം നിലനിർത്താൻ ആവശ്യപ്പെടുമോ?

എ) & ബി) 2007 -ന് ശേഷം കലാപീഠങ്ങളിൽ നിന്നും പഠനം പൂർത്തിയായിട്ടുള്ള വിദ്യാർത്ഥികൾക്ക് ജോലി കൊടുക്കാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കൂടുതൽ തൊഴിൽ രഹിതരെ സൃഷ്ടിക്കാതിരിക്കുന്നതിനാണ് ആറ്റിങ്ങൽ ക്ഷേത്ര കലാപീഠത്തിൽ 2014-2015 അദ്ധ്യായന വർഷം മുതൽ പുതുതായി അഡ്മിഷൻ നടത്തേണ്ടതില്ലെന്ന് ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. ബാക്കിയുള്ള രണ്ട് വർഷത്തെ ക്ലാസുകൾ അവിടെത്തന്നെ നടത്തുന്നുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ പുതിയ പ്രവേശനം ആർക്കും പ്രയോജനം ചെയ്യാത്തതിനാലാണ് ഇപ്രകാരം തീരുമാനിച്ചത് എന്നാണ് ദേവസ്വം ബോർഡ് അറിയിച്ചിട്ടുള്ളത്. ആറ്റിങ്ങൽ ക്ഷേത്ര കലാപീഠം നിർത്തലാക്കുന്നത് സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ